**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3871** **17-03-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സൈബർ വാൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സൈബർ വാൾ പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ; | (എ) | വർദ്ധിച്ചു വരുന്ന നൂതന സൈബർ തട്ടിപ്പുകളിൽ നിന്ന് പൊതുജനങ്ങളെ സംരക്ഷിക്കുന്നതിനായി കേരള പോലീസ് വികസിപ്പിച്ചു വരുന്ന പദ്ധതിയാണ് 'സൈബർ വാൾ'. പൊതുജനങ്ങൾ നല്കുന്ന ഫോൺ നമ്പറുകൾ, ഇ-മെയിൽ ഐഡികൾ, ബാങ്ക് അക്കൗണ്ടുകൾ, സോഷ്യൽ മീഡിയ പ്രൊഫൈലുകൾ, എക്സിക്യൂട്ടബിൾ ഫയലുകൾ, വെബ്സൈറ്റ്, യു.ആർ.എൽ - കൾ, സ്ക്രീൻഷോട്ടുകൾ, ഓഡിയോ/വീഡിയോ ഫയലുകൾ, എസ്.എം.എസ്/ഇ-മെയിൽ ഉള്ളടക്കങ്ങൾ എന്നിവ നിർമ്മിത ബുദ്ധി സാങ്കേതിക വിദ്യയിലൂടെ പരിശോധിച്ച് വിശകലനം ചെയ്ത് ഒന്നു മുതൽ നൂറു വരെയുള്ള ട്രസ്റ്റ് സ്കോർ നൽകി അതുവഴി സൈബർ തട്ടിപ്പുകളിൽ നിന്നും പൊതുജനങ്ങളെ സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ കേരള പോലീസ് ലക്ഷ്യമിടുന്നത്. |
| (ബി) | സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കനത്ത ശിക്ഷ നൽകുന്നതിനായി നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ; | (ബി) | ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000 - (കേന്ദ്ര ആക്ട്) ൽ ഭേദഗതികൾ കൊണ്ടുവരേണ്ടതുണ്ട്. |
| (സി) | കുറ്റകൃത്യങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഇതിന് സഹായകരമായി വർത്തിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും സിം കാർഡുകളും നിർവ്വീര്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സൈബർ കുറ്റകൃത്യങ്ങൾക്ക് കാരണമാകുന്ന വെബ്സൈറ്റുകൾ, ഓൺലൈൻ ആപ്പുകൾ, സോഷ്യൽ മീഡിയ അക്കൗണ്ട്/ പോസ്റ്റ് / പേജ് എന്നിവ സൈബർ പട്രോളിംഗിലൂടെ നീക്കം ചെയ്യുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഓൺലൈൻ സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ട് 32670 വെബ്സൈറ്റുകളും 3172 അനധികൃത ഓൺലൈൻ ആപ്പുകളും 10466 സോഷ്യൽ മീഡിയ പോസ്റ്റുകളും 2127 പ്രൊഫൈലുകളും നിർജീവമാക്കിയിട്ടുണ്ട്. കൂടാതെ 17102 മൊബൈൽ |

| | | | |
|---|---|---|---|
| | | | സിം കാർഡ്, 50224 മൊബൈൽ ഡിവൈസുകൾ എന്നിവ ബ്ലോക്ക് ചെയ്ത് പ്രവർത്തനരഹിതമാക്കിയിട്ടുണ്ട്. ആർബിഐ അംഗീകൃത എൻ ബി എഫ് സി ക്ക് കീഴിലല്ലാത്ത 1375 വ്യാജ ഇൻസ്റ്റന്റ് ലോൺ ആപ്പുകളും ആയതുമായി ബന്ധപ്പെട്ട 4761 വ്യാജ വെബ് സൈറ്റുകളും കണ്ടെത്തി ബ്ലോക്ക് ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ